# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**നമ്പർ.എസ്റ്റാ.I(1) 18645/05/ഗ.വി** **തിരുവനന്തപുരം,**
**തീയതി: 11.07.2013**

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിലെ ഉപയോഗത്തിനായി 300 പ്ലാസ്റ്റിക് കസേരകളും 50 പ്ലാസ്റ്റിക് മേശകളും വിതരണം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ "പ്ലാസ്റ്റിക് കസേരകളും മേശകളും വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന മേൽക്കുറിപ്പോടെ "സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-4" എന്ന വിലാസത്തിൽ 27.07.2013 -ാം തിയതി 1 മണിക്കു മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം മൂന്നു മണിക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ക്വട്ടേഷൻ നല്കിയവരുടേയും അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ആളുകൾ ഹാജരായാൽ അവരുടേയും സാന്നിദ്ധ്യത്തിൽ തുറക്കുന്നതും, തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ക്വട്ടേഷൻ അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ നിശ്ചയിക്കപ്പെടുന്ന തീയതിക്ക് പ്രസ്തുത സാമഗ്രികൾ വിതരണം ചെയ്യേണ്ടതാണ്. വില സംബന്ധിച്ച ഇൻവോയ്സ്/ ബില്ലിന്റെ മൂന്നു പകർപ്പുകളും ഹാജരാക്കേണ്ടതാണ്. തുക ഡി.ഡി. യായി നൽകുന്നതായിരിക്കും. ഈ ക്വട്ടേഷൻ കേരള സ്റ്റോഴ്സ് പർച്ചേസ് മന്വലിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള അധികാരം കെ.പി.എസ്.സി സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

27.07.2013 -ാം തിയതി പൊതു അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തിദിവസം ക്വട്ടേഷൻ നല്കുന്ന അവസാന തീയതിയായിരിക്കും.

**പി.സി. ബിനോയ്,**
**സെക്രട്ടറി,**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.**